# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1653

3/10/2011 ൽ മറുപടിക്ക്

**ഭക്ഷ്യധാന്യ വിഹിതം**

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു

**ഉത്തരം**

ശ്രീ.ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) വിവിധ വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ;

(എ) വിവിധ വിഭാഗങ്ങൾക്കായി കേന്ദ്രസർക്കാർ താഴെപ്പറയും പ്രകാരം ഭക്ഷ്യധാന്യങ്ങൾ നല്കി വരുന്നു.

| ഇനം | കേന്ദ്രം അനുവദിക്കുന്നത് (മെ.ടൺ/ പ്രതിമാസം) |
|---|---|
| എ.പി.എൽ അരി | 36056+<br>15458 (അഡ്ഹോക്ക്)<br>= 51514 മെ.ടൺ |
| ബി.പി.എൽ അരി | 26566 +<br>9442 (അഡ്ഹോക്ക്)<br>= 36008 മെ.ടൺ |
| എ.എ.വൈ അരി | 20855 മെ.ടൺ |
| അന്നപൂർണ്ണ അരി | 2011 ഏപ്രിൽ മുതൽ ജൂൺ വരെ പ്രതിമാസം 450 മെ.ടൺ അരി |
| എ.പി.എൽ ഗോതമ്പ് | 11777 +<br>5049(അഡ്ഹോക്ക്)= 16826 മെ.ടൺ |
| ബി.പി.എൽ ഗോതമ്പ് | 6963+<br>2475 (അഡ്ഹോക്ക്)<br>= 9438 |

(ബി) പ്രസ്തുത വിഹിതം ഓരോ വിഭാഗത്തിനും വിതരണം ചെയ്യുന്നതിന് ആവശ്യമായ അളവിൽ ലഭ്യമാകുന്നുണ്ടോ;

(ബി) നിലവിലെ കേന്ദ്ര വിഹിതം എ.എ.വൈ/അന്നപൂർണ്ണ കാർഡുകൾക്കൊഴികെ ആവശ്യമായ അളവിൽ ലഭ്യമാകുന്നില്ല.

(സി) ഈ സർക്കാർ അധികാര മേറ്റശേഷം ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ചി ട്ടുണ്ടോ; ഇതിനായി എന്തെ ങ്കിലും നടപടികൾ സ്വീക രിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ബി.പി.എൽ വിഭാഗത്തിന് അധികമായി വിതരണം ചെയ്യുന്നതിന് അഡ്ഹോക്ക് വിഹിതമായി 94420 മെ.ടൺ അരിയും 24748 മെ.ടൺ ഗോതമ്പും 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലേക്ക് കേന്ദ്രസർക്കാർ അനുവദിച്ചു. എ.പി.എൽ വിഭാഗത്തിന് അധികമായി വിതരണം ചെയ്യുന്നതിന് അഡ്ഹോക്ക് വിഹിതമായി പ്രതിമാസം 15458 മെ.ടൺ അരിയും 5049 മെ.ടൺ ഗോതമ്പും 2011 ജൂൺ മുതൽ 2012 മാർച്ച് വരെയുള്ള കാലയവളവിലേക്ക് കേന്ദ്രസർക്കാർ അനുവദിച്ചു. ഓണ ക്കാലത്തേക്ക് സ്പെഷ്യൽ അലോട്ട്മെന്റായി എ.പി.എൽ വിഭാഗത്തിന് കിലോഗ്രാമിന് 11.85 രൂപ നിരക്കിൽ 54000 മെ.ടൺ അരിയും 8.45 രൂപ നിരക്കിൽ 27000 മെ.ടൺ ഗോതമ്പും അനുവദിച്ചു. ഇതു കൂടാതെ വയനാട്, പാലക്കാട് ജില്ലകളിലെ പാവപ്പെട്ടവർക്കായി 2011 സെപ്തംബർ മുതൽ നവംബർ വരെയുള്ള കാലയളവിലേക്ക് പ്രതിമാസം 393 മെ.ടൺ അരിയും 62 മെ.ടൺ ഗോതമ്പും അധികമായി അനുവദിച്ചിട്ടുണ്ട്. അലോട്മെന്റ് വിഹിതം വർദ്ധിപ്പിക്കുന്ന തിനായി നിരവധി തവണ കേന്ദ്രസർക്കാരിലേക്ക് നിവേദനം സമർപ്പിക്കുകയുണ്ടായി. കേന്ദ്ര ഭക്ഷ്യമന്ത്രിയ്ക്ക് സംസ്ഥാന ഭക്ഷ്യമന്ത്രിയും മുഖ്യമന്ത്രിയും നേരിട്ടും നിവേദനങ്ങൾ നല്കുകയുണ്ടായി. ഇതിന്റെയൊക്കെ ഫലമായിട്ടാണ് മേൽപ്പറഞ്ഞ അധിക അലോട്മെന്റു ലഭ്യമായത്.

സെക്ഷൻ ഓഫീസർ.